# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 936 — 30.10.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകരേയും അവരുടെ കന്നുകാലികളേയും ഉൾപ്പെടുത്തിയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ആരംഭിച്ചിട്ടുണ്ട്.<br>ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>18-നും 80-നും വയസ്സിനിടയ്ക്കുള്ള ക്ഷീരകർഷകർ, കർഷകരുടെ ജീവിത പങ്കാളി, മാതാപിതാക്കളുടെ പരിരക്ഷണയിൽ കഴിയുന്ന 25 വയസ് വരെയുള്ള വിവാഹം കഴിയാത്തവരോ ജോലി ലഭിക്കാത്തവരോ ആയ രണ്ട് കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുക. പോളിസിയുടെ കാലാവധി ഒരു വർഷമാണ്.<br>പോളിസിയിൽ 80 വയസുവരെയുള്ളവർക്ക് പരിരക്ഷ ലഭിക്കുമെന്നതാണ് ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രത്യേകത.<br>ആരോഗ്യ സുരക്ഷാ പോളിസിക്ക് 5015/- രൂപയും അപകട സുരക്ഷാ പോളിസിക്ക് 88/- രൂപയും LIC പോളിസിക്ക് 412/- രൂപയും ഉൾപ്പെടെ ആകെ 5515/- രൂപയാണ് ഒരു കർഷകനും കുടുംബത്തിനും ഒരു വർഷത്തേക്കുള്ള പ്രീമിയം തുകയായി അടയ്ക്കേണ്ടത്. കൂടാതെ ഗോസുരക്ഷാ പദ്ധതി പ്രകാരം 50,000/- രൂപ വിലമതിപ്പുള്ള പശുവിന് 1688/- രൂപയും 60,000/- രൂപ വിലയുള്ള പശുവിന് 2001/- രൂപയുമാണ് നിലവിൽ പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നത്. ടി തുകയിൽ സർക്കാർ വിഹിതവും മേഖലാ യൂണിയന്റേയും, ക്ഷീരകർഷക ക്ഷേമനിധിയുടേയും, ക്ഷീരസംഘം വിഹിതവും ഒഴിച്ചുള്ള തുക മാത്രമാണ് പ്രീമിയമായി കർഷകർ അടയ്ക്കേണ്ടത്. ആരോഗ്യ സുരക്ഷാ പോളിസിയുടെ ക്ലെയിമായി ഒരു കുടുംബത്തിന് 1 ലക്ഷം രൂപ വരെയും അപകട സുരക്ഷാ പോളിസിക്ക് ക്ലെയിമായി 5 ലക്ഷം രൂപവരെയും 18 വയസ് മുതൽ 50 വയസ് വരെയുള്ള പോളിസി ഉടമകൾക്ക് LIC |

ക്ലെയിമായി അപകട മരണത്തിന് 4 ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 2 ലക്ഷം രൂപയും ലഭിക്കുന്നതാണ്. 51 മുതൽ 60 വയസ് വരെയുള്ളവർക്ക് 1 ലക്ഷം രൂപയാണ് ക്ലെയിമായി ലഭിക്കുന്നത്.

അപകട സുരക്ഷാ പോളിസിയുടെ ഭാഗമായി പോളിസി ഉടമ മരിക്കുകയോ സ്ഥിരമായ അംഗവൈകല്യം ഉണ്ടാവുകയോ ചെയ്താൽ ഈ പദ്ധതിയിൽപ്പെട്ട 25 വയസ് വരെയുള്ള കുട്ടികൾക്ക് പഠന സഹായമായി ഒരു കുട്ടിക്ക് പരിരക്ഷ തുകയുടെ 10% അല്ലെങ്കിൽ 25,000/- രൂപ ഏതാണോ കുറവ്, രണ്ടു കുട്ടിയാണെങ്കിൽ പരിരക്ഷ തുകയുടെ 10% അല്ലെങ്കിൽ 50,000/- ഏതാണോ കുറവ് അത് ലഭിക്കുന്നതാണ്.

(ബി) ക്ഷീരകർഷകന്റെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിൽ പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉരുക്കളോടൊപ്പം ക്ഷീരകർഷകരുടേയും അവരുടെ കുടുംബത്തിന്റെയും പരിരക്ഷ ഉറപ്പാക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഏതൊക്കെ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര വികസന വകുപ്പ്, ക്ഷീരോല്പാദക യൂണിയനുകൾ, ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, ക്ഷീര സംഘങ്ങൾ, എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ത്രിതല പഞ്ചായത്തുകളും ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച നിബന്ധനകളും പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

(ഡി) 18-നും 80-നും വയസ്സിനിടയ്ക്കുള്ള ക്ഷീരകർഷകർ, അവരുടെ ജീവിത പങ്കാളി, മാതാപിതാക്കളുടെ പരിരക്ഷണയിൽ കഴിയുന്ന 25 വയസ് വരെയുള്ള വിവാഹം കഴിയാത്തവരോ ജോലി ലഭിക്കാത്തവരോ ആയ 2 കുട്ടികൾ എന്നിവർക്ക് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തൊട്ടടുത്തുള്ള ക്ഷീരസംഘം മുഖേന ക്ഷീര വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കർഷകർ പശുക്കളെ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ഈ പദ്ധതിയിൽ ഗോസുരക്ഷാ പോളിസി എടുക്കേണ്ടതില്ല. എന്നാൽ മറ്റ് പോളിസികളായ ആരോഗ്യ സുരക്ഷാ, ലൈഫ് ഇൻഷ്വറൻസ്, അപകട സുരക്ഷ എന്നിവ നിർബന്ധമാണ്.

പോളിസിക്കനുസരിച്ച് പ്രീമിയം തുക നിശ്ചിത തീയതികളിൽ ക്ഷീര വികസന ഓഫീസറുടെ നിർദ്ദേശപ്രകാരം ക്ഷീരസംഘങ്ങൾ മുഖേന അടയ്ക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**